LIBRARY ARCHIVES Kerala Legislative Assembly

വയനാട് ജില്ലയിലെ നികുതി സ്വീകരിക്കാത്ത വില്ലേജുകൾ

199 (7170) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ലാന്റ് നിസംപ്ഷൻ സ്പെഷ്യൽ ഓഫീസറുടെ 31-3-2014-ലെ നമ്പർ ജി.എൽ.ആർ.(എൽ.ആർ.)-02/2013(1)-ാം നമ്പർ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ ഏതെല്ലാം വില്ലേജുകളിലാണ് നികുതി സ്വീകരിക്കാത്തതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇപ്രകാരം ഒരു കത്ത് തയ്യാറാക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതുസംബന്ധിച്ച കോടതിവിധിയിൽ നികുതി സ്വീകരിക്കുന്നത് നിർത്തണം എന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. എച്ച്.എം.എൽ. ഭൂമി കൈവശം വയ്ക്കുന്ന കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട്, കോഴിക്കോട് എന്നീ 8 ജില്ലാ കളക്ടർമാർക്കും 31-3-2014 - ൽ സ്പെഷ്യൽ ഓഫീസർ & കളക്ടർ കത്ത് നൽകിയിട്ടുണ്ട്.

(ബി) 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ അവസാനിക്കുംവരെ പ്രസ്തുത 8 ജില്ലകളിലും പഴയ വില്ലേജ് റിക്കാർഡുകൾ പ്രകാരം വിദേശ കമ്പനികളുടെ പേരിൽ കാണുന്ന എല്ലാ ഭൂമിക്കും കരം സ്വീകരിക്കുന്നതും റവന്യൂ രേഖകൾ നൽകുന്നതും നിർത്തി വയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) വിദേശ കമ്പനികൾ കൈവശം വച്ചിരിക്കുന്ന ഭൂമി, M\s HML നെപ്പോലെതന്നെ മറ്റുള്ളവരും അനധികൃത ലാന്റ് ട്രൈബ്യൂണൽ പട്ടയങ്ങളും മറ്റും നേടി, കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 82-ൽ പരാമർശിക്കുന്ന സീലിങ് പരിധിക്കപ്പുറം കൈവശം വയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. KLR Act-ലെ സെക്ഷൻ 74(1), (2) എന്നിവയ്ക്ക് വിലങ്ങുതടി കല്പിക്കാതെ 1-4-1964-ന് ശേഷവും 'കുടിയായ്മ' അനുവദിച്ചിട്ടുണ്ട്. M/s HML ആധാരം ചെയ്ത് നൽകാതെതന്നെ ഇത്തരം ഭൂമി കൈവശം വയ്ക്കുന്നവരും ഉണ്ട്. കേരള ഭൂപരിഷ്കരണ നിയമ പ്രകാരമുള്ള 'കുടിയാൻ പട്ടയം' സെക്ഷൻ 72 (ബി) (1) (എ) (ബി) എന്നിവയിലെ സീലിങ് പരിധി ലംഘിച്ചുകൊണ്ട് നൽകിയിട്ടുള്ളവയിൽ, പ്രസ്തുത വിദേശ കമ്പനികളുടെ കൈവശം ഉണ്ടായിരുന്ന ഭൂമിയും ഉൾപ്പെടുന്നു. സ്വാതന്ത്ര്യാനന്തരം

ഇന്ത്യയിലും സംസ്ഥാനത്തും നിലവിൽ വന്ന FERA, Independence Act, KLR Act, Companies Act എന്നിവ പ്രകാരം പ്രസ്തുത ഭൂമി സർക്കാരിൽ നിക്ഷിപ്തമാകേണ്ടതായിരുന്നു. ഈ സാഹചര്യത്തിലാണ് നിലവിൽ നടന്നുവരുന്ന KLC Act 1957 പ്രകാരമുള്ള നടപടികൾ അവസാനിക്കും വരെ പ്രസ്തുത ഭൂമിയിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്.

(ഡി) 31-3-2014-ലെ കത്തുമായി ബന്ധപ്പെട്ട് കോടതി നിർദ്ദേശങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഓട്ടോറിക്ഷകളിൽ മീറ്റർ കാലിബ്രേഷൻ സംവിധാനം

200 (7171) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓട്ടോറിക്ഷകളിലെ ഫെയർ നിശ്ചയിക്കുന്നതിനുള്ള ടാക്സി മീറ്റർ കാലിബ്രേഷൻ സംവിധാനം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഏർപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ആയതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഓട്ടോറിക്ഷകളിലെ ഫെയർ നിശ്ചയിക്കുന്നതിനുള്ള ടാക്സി മീറ്റർ കാലിബ്രേഷൻ സംവിധാനം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഏർപ്പെടുത്തിയിട്ടുണ്ട്.

മുഴിക്കുളം കൊച്ചുകുട്ടൻ ചാക്യാരുടെ പേരിൽ സ്മാരക കുത്തമ്പലം

201 (7172) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാരതീയ കലാ പാരമ്പര്യത്തിന്റെ ഉദാത്തരൂപമായ കൂടിയാട്ടത്തെ ജീവനുതുല്യം സ്നേഹിക്കുകയും 2003-ൽ രാജ്യം പത്മശ്രീ പുരസ്കാരം നൽകി ആദരിക്കുകയും ചെയ്ത മുഴിക്കുളം കൊച്ചുകുട്ടൻ ചാക്യാരുടെ പേരിൽ ജന്മസ്ഥലമായ അങ്കമാലി നിയോജകമണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തിൽ ഒരു സ്മാരക കൂത്തമ്പലം നിർമ്മിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട പാറക്കടവ് ഗ്രാമപഞ്ചായത്തിലെ റവന്യൂ പുറംപോക്ക് ഭൂമി അനുവദിച്ചുകിട്ടുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly